**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3528** **12-03-2025 - ൽ മറുപടിയ്ക്ക്**

**കൃഷി വകുപ്പിലെ താൽക്കാലിക നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ഉബൈദുള്ള | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കൃഷി വകുപ്പിൽ കരാർ അടിസ്ഥാനത്തിൽ എത്ര ജീവനക്കാർ ജോലി ചെയ്യുന്നുണ്ട്; ഇവരിൽ എത്ര പേർ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം ലഭിച്ചവരാണ്; ജില്ല തിരിച്ചുള്ള കണക്കുകൾ വെളിപ്പെടുത്തുമോ; | (എ) | കൃഷി വകുപ്പിൽ കരാർ അടിസ്ഥാനത്തിൽ ആകെ 1059 ജീവനക്കാർ ജോലി ചെയ്യുന്നു. ഇവരിൽ 164 പേർ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം ലഭിച്ചവരാണ്. ഇത് സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം ആയി ചേർക്കുന്നു. |
| (ബി) | വകുപ്പിൽ സ്ഥിരം/കരാർ അല്ലാതെ നിയമനം ലഭിച്ചവർ ഉണ്ടോ; ഉണ്ടെങ്കിൽ ഏത് മാനദണ്ഡങ്ങൾ അനുസരിച്ചാണ് നിയമനം നടത്തിയിട്ടുള്ളതെന്നും അതിന് നിലവിലുള്ള നിയമം അനുശാസിക്കുന്നുണ്ടോയെന്നും വെളിപ്പെടുത്തുമോ; | (ബി) | ഉണ്ട്. കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന് കീഴിൽ സമേതിയിൽ സർക്കാർ കാലാകാലങ്ങളിൽ നല്കുന്ന ഉത്തരവ് പ്രകാരം 12 ദിവസ വേതന ജീവനക്കാരെ നിയമിച്ചിട്ടുണ്ട്. കൂടാതെ MANAGE ഹൈദരാബാദിന്റെ പദ്ധതിയായ (DAESI) നടത്തിപ്പിനായി പദ്ധതി ഫണ്ട് ഉപയോഗിച്ച് ഒരു Data Entry Operator-നെ ആവശ്യാനുസരണം ജോലിക്ക് നിയോഗിക്കുന്നു. |
| (സി) | എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം ലഭിച്ചവരുടെ നിയമന കാലാവധി എത്ര മാസമാണ്; അല്ലാതെ താൽക്കാലിക നിയമന ജീവനക്കാരുടെ കാലാവധി എത്രയാണ്; വ്യക്തമാക്കാമോ; | (സി) | വകുപ്പിന് കീഴിൽ വിവിധ പദ്ധതികളിലായി എംപ്ലോയ്മെൻറ് എക്സ്ചേഞ്ച് മുഖേന നിയമനം ലഭിച്ചവരുടെ കാലാവധി 179 ദിവസം/1 വർഷവുമാണ്. അല്ലാതെ താൽക്കാലിക നിയമന ജീവനക്കാരുടെ കാലാവധി ഒരു വർഷവുമാണ്. |
| (ഡി) | എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയല്ലാതെ താൽക്കാലിക നിയമനം ലഭിച്ച ജീവനക്കാർ ഇപ്പോൾ എത്ര വർഷം ആയി ജോലിയിൽ തുടരുന്നു; പ്രസ്തുത ജീവനക്കാർക്ക് തന്നെ തുടർച്ചയായി നിയമനാനുമതി നൽകി വരുന്നതിന്റെ കാരണം എന്താണ്; പ്രസ്തുത ജീവനക്കാർ അടിസ്ഥാന യോഗ്യത നേടിയിട്ടുണ്ടോ; വിശദമാക്കാമോ; | (ഡി) | എംപ്ലോയ്മെൻറ് എക്സ്ചേഞ്ച് മുഖേനയല്ലാതെ താൽക്കാലിക നിയമനം ലഭിച്ച ജീവനക്കാർ 2011 മുതൽ വിവിധ കാലയളവുകളിലായി സർക്കാർ അനുമതി ലഭ്യമാകുന്നതിനെ ആസ്പദമാക്കി ജോലിയിൽ തുടരുന്നു.<br><br>കേന്ദ്ര സംസ്ഥാന സർക്കാർ നിശ്ചിത കാലയളവിലേയ്ക്ക് അനുവദിക്കുന്ന പ്രത്യേക പദ്ധതികൾക്ക് സ്ഥിരനിയമനം നടത്താറില്ല. പദ്ധതിയിൽ നിയമിക്കപ്പെട്ടിട്ടുള്ള മേൽ പറഞ്ഞ ജീവനക്കാരുടെ ജോലിയിലുള്ള പരിചയം പദ്ധതിയുടെ തുടർ നിർവ്വഹണത്തിനും ദൈനംദിന പ്രവർത്തനങ്ങൾക്കും അത്യന്താപേക്ഷിതമായതിനാലാണ് സർക്കാർ/കൃഷി |

| | | | |
|---|---|---|---|
| | | | വകുപ്പ് ഡയറക്ടറുടെ ഉത്തരവ് പ്രകാരം കരാർ ജീവനക്കാർക്ക് തുടർച്ചാനുമതി ലഭിച്ചിട്ടുള്ളത്. പദ്ധതിയിൽ ഉൾപ്പെട്ട കരാർ ജീവനക്കാരെ തുടർച്ചയായി നിയമിക്കുന്നില്ല. കരാർ കാലാവധിക്ക് ശേഷം ഒരു ദിവസത്തെ ഇടവേള നൽകിയാണ് നിയമിക്കുന്നത്. ടി കരാർ ജീവനക്കാർ അതാത് പദ്ധതിയ്ക്ക് വേണ്ടിയുള്ള അടിസ്ഥാന യോഗ്യത നേടിയിട്ടുള്ളവരാണ്. |
| (ഇ) | അടുത്ത സാമ്പത്തിക വർഷം മുതൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്റ്റർ ചെയ്ത് തൊഴിലിനായി കാത്തിരിക്കുന്ന ഉദ്യോഗാർത്ഥികൾക്ക് മുൻഗണന നൽകി നിയമനം നൽകുവാനും നീതി ഉറപ്പുവരുത്തുവാനും നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (ഇ) | നിലവിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയാണ് നിയമനം നടത്തുന്നത്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| നമ്പർ | ജില്ല | ആകെ കരാർ ജീവനക്കാർ | എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയുള്ള നിയമനം |
|---|---|---|---|
| 1 | തിരുവനന്തപുരം | 98 | 20 |
| 2 | കൊല്ലം | 103 | 10 |
| 3 | പത്തനംതിട്ട | 50 | 9 |
| 4 | ആലപ്പുഴ | 79 | 11 |
| 5 | കോട്ടയം | 69 | 7 |
| 6 | ഇടുക്കി | 50 | 6 |
| 7 | എറണാകുളം | 81 | 22 |
| 8 | തൃശ്ശൂർ | 101 | 15 |
| 9 | പാലക്കാട് | 97 | 11 |
| 10 | മലപ്പുറം | 79 | 10 |
| 11 | കോഴിക്കോട് | 65 | 11 |
| 12 | വയനാട് | 50 | 12 |
| 13 | കണ്ണൂർ | 93 | 13 |
| 14 | കാസറഗോഡ് | 44 | 7 |
| **ആകെ** | | **1059** | **164** |

സെക്ഷൻ ഓഫീസർ